HARITHA V. KUMAR IAS
DIRECTOR OF COLLEGIATE EDUCATION

Directorate of Collegiate Education
VIth Floor, Vikas Bhavan
Thiruvananthapuram-33
Phone { Office : 0471-2303548
Fax : 0471-2300106
E-mail : dcedirectorate@gmail.com
website : www.collegiateedu.kerala.gov.in

Date 22.12.2018

# വനിതാ മതിൽ

നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ജനുവരി ഒന്നാം തീയതി വൈകുന്നേരം 4 മണിക്ക് കേരളമൊട്ടാകെ വനിതാ മതിൽ സംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും വനിതാ ജീവനക്കാരോടും വിദ്യാർത്ഥിനികളോടും ഇതിൽ അണിചേരുവാൻ അഭ്യർത്ഥിക്കുന്നു.

ഹരിത വി കുമാർ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

# വനിതാ മതിൽ

2018 ഡിസംബർ 3-ന് ബഹു. മുഖ്യമന്ത്രി, പട്ടികജാതി-പട്ടികവർഗ-പിന്നോക്കക്ഷേമ-സാംസ്കാരിക വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരുടെ സാന്നിധ്യത്തിൽ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്ന് താൽപ്പര്യമുള്ള സാമൂഹിക സംഘടനകളുടെ യോഗം വിളിച്ചുചേർത്തിരുന്നു. ഈ യോഗത്തിലാണ് സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിൽ ഒരു 'വനിതാ മതിൽ' സംഘടിപ്പിക്കണമെന്ന ആശയം രൂപം കൊണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു നവോത്ഥാന മൂല്യ സംരക്ഷണ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

നവോത്ഥാന മൂല്യങ്ങൾ, സ്ത്രീ-പുരുഷ സമത്വം എന്നിവ ഉയർത്തിപ്പിടിക്കുന്ന ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1-ന് 'വനിതാ മതിൽ' സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വനിതാ മതിലിന്റെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിന് താഴെ പറയുന്ന മന്ത്രിമാരുടെ ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ശ്രീ. എ.കെ. ബാലൻ | - | കൺവീനർ |
| 2. | ശ്രീ. ഇ. ചന്ദ്രശേഖരൻ | - | മെമ്പർ |
| 3. | ശ്രീ. കെ. കൃഷ്ണൻകുട്ടി | - | മെമ്പർ |
| 4. | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | - | മെമ്പർ |
| 5. | ശ്രീ. എ.കെ. ശശീന്ദ്രൻ | - | മെമ്പർ |

താഴെ പറയുന്ന മന്ത്രിമാർക്ക് പരിപാടിയുടെ ജില്ലാതല ചുമതല നൽകിയിട്ടുണ്ട്.

| ജില്ല | ചുമതലയുള്ള മന്ത്രി |
|---|---|
| തിരുവനന്തപുരം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| കൊല്ലം | ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ |
| പത്തനംതിട്ട | അഡ്വ. കെ. രാജു |
| ആലപ്പുഴ | ശ്രീ. ജി. സുധാകരൻ,<br>ഡോ. ടി.എം. തോമസ് ഐസക് |
| കോട്ടയം | ശ്രീ. പി. തിലോത്തമൻ |

| ജില്ല | ചുമതലയുള്ള മന്ത്രി |
|---|---|
| ഇടുക്കി | ശ്രീ. എം.എം. മണി |
| എറണാകുളം | ശ്രീ. എ.സി. മൊയ്തീൻ |
| തൃശൂർ | പ്രൊഫ. സി. രവീന്ദ്രനാഥ്, അഡ്വ. വി.എസ്. സുനിൽകുമാർ |
| പാലക്കാട് | ശ്രീ. എ.കെ. ബാലൻ, ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മലപ്പുറം | ഡോ. കെ.ടി. ജലീൽ |
| കോഴിക്കോട് | ശ്രീ. ടി.പി. രാമകൃഷ്ണൻ, ശ്രീ. എ.കെ. ശശീന്ദ്രൻ |
| വയനാട് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| കണ്ണൂർ | ശ്രീ. ഇ.പി. ജയരാജൻ, ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ |
| കാസറഗോഡ് | ശ്രീ. ഇ. ചന്ദ്രശേഖരൻ |

1. നിരവധി സാമൂഹിക സംഘടനകൾ വനിതാ മതിലിന് സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്.
2. ഇതിനു പുറമെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണമെന്നും സ്ത്രീ-പുരുഷ സമത്വമെന്ന ഭരണഘടനാ തത്വങ്ങൾ നടപ്പാക്കണ മെന്നും താൽപ്പര്യമുള്ള പല സംഘടനകളും വനിതാ മതിലിനോ ടൊപ്പം അണിചേരാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

**<u>റൂട്ടും പങ്കാളിത്തവും</u>**

- വനിതാ മതിലിന്റെ റൂട്ട് താഴെ പറയുന്ന പ്രകാരമായിരിക്കും. കാസർഗോഡ് – കാലിക്കടവ് – കണ്ണൂർ – മാഹി-രാമനാട്ടുകര മലപ്പുറം – പെരിന്തൽമണ്ണ വഴി (NH വിട്ട്)പട്ടാമ്പി – ചെറുതുരുത്തി കറുകുറ്റി – അരൂർ – അങ്കമാലി – ആലുവ – വൈറ്റില – ആലപ്പുഴ ഓച്ചിറ – കരുനാഗപ്പള്ളി – കൊല്ലം– തിരുവനന്തപുരം – നാഷണൽ ഹൈവേ വഴി ആയിരിക്കും. 620 കി.മീ ദൈർഘ്യമുള്ളതായിരിക്കും വനിതാ മതിൽ റൂട്ട്.

| | കിലോമീറ്റർ | പങ്കെടുക്കേണ്ട ജില്ല | ക്വാട്ട |
|---|---|---|---|
| കാസർകോഡ് - കാലിക്കടവ് | 45 | കാസർകോഡ് | 18000 |
| കാലിക്കടവ് - മാഹി | 82 | കണ്ണൂർ | 375000 |
| മാഹി - രാമനാട്ടുകര | 74 | കോഴിക്കോട് | 300000 |
| | | വയനാട് | 30000 |
| രാമനാട്ടുകര - മലപ്പുറം - പെരിന്തൽമണ്ണ | 55 | മലപ്പുറം | 180000 |
| പെരിന്തൽമണ്ണ - പട്ടാമ്പി - ചെറുത്തുരുത്തി | 37 | പാലക്കാട് | 300000 |
| ചെറുത്തുരുത്തി - കറുകുറ്റി | 73 | തൃശ്ശൂർ | 300000 |
| കറുകുറ്റി - അരൂർ | 49 | എറണാകുളം | 300000 |
| | 10 | ഇടുക്കി (ആലുവ) | 30000 |
| അരൂർ - ഓച്ചിറ | 97 | | |
| | | കോട്ടയം | 60000 |
| | | പത്തനംതിട്ട | 60000 |
| | | ആലപ്പുഴ | 300000 |
| ഓച്ചിറ - കടമ്പാട്ടുകോണം | 58 | കൊല്ലം | 300000 |
| കടമ്പാട്ടുകോണം - തിരുവനന്തപുരം | 40 | തിരുവനന്തപുരം | 300000 |
| ആകെ | 620 | | 30,15,000 |

- മന്ത്രിസഭാ ഉപസമിതി 06.12.2018-ന് യോഗം ചേർന്നു.